## ബ്ലോഗറിൽ

# മൂന്നുകോളം ടെംപ്ലേറ്റുകൾ

ഹരീഷ് എൻ. നമ്പൂതിരി
വിഷ്വൽ ഡിസൈൻ കൺസൾട്ടന്റ്
ന്യൂവെൻമീഡിയ

ബ്ലോഗുകളെക്കുറിച്ച് ഇന്ന് കേൾക്കാത്തവരുണ്ടാവില്ല. ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ ചെറുതല്ലാത്ത ഒരു വിഭാഗത്തിന് സ്വന്തമായി ബ്ലോഗുണ്ടാകുവാനും സാധ്യതയുണ്ട്. ബ്ലോഗർ.കോം ഡിഫോൾട്ടായി ലഭ്യമാക്കുന്ന രണ്ട് കോളങ്ങളുള്ള ലേഔട്ട് ടെംപ്ലേറ്റുകളാണ് സാധാരണയായി ഈ ബ്ലോഗുകളിലെല്ലാം ഉപയോഗിച്ച് വരുന്നത്. ടെംപ്ലേറ്റുകൾ നമ്മുടെ ഇഷ്ടാനുസരണം ക്രമീകരിക്കുവാനും മോടിപിടിപ്പിക്കുവാനും സാധിക്കുമെങ്കിലും അല്പം സാങ്കേതിക ജ്ഞാനം അതിനായി ആവശ്യമാണ്. ബ്ലോഗിന്റെ രൂപഘടനയെ നമുക്കുതകുന്ന രീതിയിൽ എങ്ങിനെ മാറ്റിയെടുക്കാമെന്ന് പടിപടിയായി വിവരിക്കുകയാണിവിടെ. മുൻകാലങ്ങളിൽ ഏറെപ്പേരും ഉപയോഗിച്ചിരുന്ന 800 x 600 സ്ക്രീൻ റെസല്യൂഷന് അനുസൃതമായുള്ള വലുപ്പമാണ് രണ്ട് കോളം ടെംപ്ലേറ്റുകൾക്കുള്ളത്. എന്നാലിന്ന് 1024 x 768 അല്ലെങ്കിൽ അതിനു മുകളിലേക്കുള്ള വൈഡ് സ്ക്രീൻ റെസല്യൂഷനുകളാണ് കൂടുതലായി ഉപയോഗിച്ചുവരുന്നത്. ലഭ്യമായ സ്ക്രീൻ സ്പേസ് പ്രയോജനപ്പെടുത്തുവാനായി രണ്ടു കോളം ലേഔട്ടിൽ നിന്നും മൂന്നു കോളത്തിലേക്ക് മാറുന്നത് ഏറെ പ്രയോജനകരമായിരിക്കും. എങ്ങിനെ മൂന്നു കോളം ടെംപ്ലേറ്റ് തയ്യാറാക്കാം എന്ന് ഇവിടെ നോക്കാം.

## Backup / Restore Template




ബ്ലോഗ് ടെമ്പ്ലേറ്റ് ഇഷ്ടാനുസരണം രൂപപ്പെടുത്തുവാൻ ഏറ്റവും എളുപ്പവും സൌകര്യവും Minima എന്ന ടെംപ്ലേറ്റിൽ തുടങ്ങുന്നതാണ്. ബ്ലോഗർ ഡാഷ്ബോർഡിൽ Layout > Pick New Template എന്നിടത്തു നിന്നും Minima ടെംപ്ലേറ്റ് തിരഞ്ഞെടുക്കാവുന്നതാണ്. അതിനു ശേഷം തൊട്ടടുത്തുള്ള Edit HTML എന്ന ടാബ് സെലക്ട് ചെയ്യുക. എന്തെങ്കിലും മാറ്റം വരുത്തുന്നതിനു മുൻപായി Download Full Template എന്നതു സെലക്ട് ചെയ്ത് ഒരു *.xml ഫയലായി ഇപ്പോഴുള്ള രൂപകല്പന സൂക്ഷിക്കുന്നത് നന്നായിരിക്കും. എന്തെങ്കിലും തകരാറുണ്ടായാൽ തൊട്ടു താഴെയുള്ള Choose File സെലക്ട് ചെയ്ത് സേവ് ചെയ്ത ടെംപ്ലേറ്റ് ഫയൽ സെലക്ട് ചെയ്തതിനു ശേഷം Upload ചെയ്താൽ മുൻപുണ്ടായിരുന്ന ടെംപ്ലേറ്റ് തിരികെ ലഭ്യമാവും. നിങ്ങളുടെ യഥാർത്ഥ ബ്ലോഗ് ടെംപ്ലേറ്റ് എഡിറ്റു ചെയ്യുന്നതിലും നല്ലത്, മറ്റൊരു താത്കാലിക ബ്ലോഗ് തുടങ്ങി അതിൽ ടെംപ്ലേറ്റ് രൂപപ്പെടുത്തിയതിനു ശേഷം, യഥാർത്ഥ ബ്ലോഗിൽ ഉപയോഗിക്കുന്നതാവും.

## Edit Template




ചിത്രത്തിൽ കാണുന്നതുപോലെയാവും, ബ്ലോഗർ ടെംപ്ലേറ്റ് ഇപ്പോൾ ദൃശ്യമാവുക. പോസ്റ്റുകൾ ദൃശ്യമാവുന്ന ഭാഗത്തിനു പുറമേ, ഒരു ഹെഡർ, വലതുവശത്തായി ആർക്കൈവ്, ലേബലുകൾ എന്നീ വിഡ്ജറ്റുകൾ എന്നിവ കൂടി ചേർത്തിരിക്കുന്നതു കാണാം. Edit HTML എന്ന ടാബിലെത്തിയതിനു ശേഷം 'Expand Widget Templates' എന്ന ചെക്ക്ബോക്സ് ആദ്യമായി ടിക്ക് ചെയ്യുക. ടെംപ്ലേറ്റ് കോഡ് ലഭ്യമായ ഭാഗം സ്ക്രോൾ ചെയ്ത്, header-wrapper എന്നതിലെത്തുക.

```
#header-wrapper {
width:660px;
margin:0 auto 10px;
border:1px solid $bordercolor;
}
```

ഇവിടെ width എന്നതിന്റെ വിലയായി 900px എന്നു നൽകുക. വീണ്ടും സ്ക്രോൾ ചെയ്ത് താഴെക്കാണുന്ന കോഡിലെത്തുക.

```
#outer-wrapper {
width:660px;
margin:0 auto;
padding:10px;
text-align:$startSide;
font: $bodyfont;
}
```

ഇവിടെയും width എന്നതിന്റെ വിലയായി 900px എന്നു നൽകുക. 1024px ലഭ്യമാണെങ്കിലും, ഇരുവശത്തും അല്പം സ്ഥലം മിച്ചമിടുന്നതാണ് ലേഔട്ടിന് ഭംഗി നൽകുക, അതിനാലാണ് 900px എന്ന വില ഉപയോഗിക്കുന്നത്. വീണ്ടും സ്ക്രോൾ ചെയ്ത് താഴെയെത്തുമ്പോൾ #main-wrapper, #sidebar-wrapper എന്നിവ കാണപ്പെടും. ഇവയിൽ ചില ചില്ലറ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. താഴെക്കാണുന്ന രീതിയിൽ ഇതുരണ്ടിലേയും വിലകൾ ക്രമീകരിക്കുക.

```
#main-wrapper {
width: 410px;
float:left;
word-wrap: break-word; /* fix for long text breaking sidebar float in IE */
overflow: hidden; /* fix for long non-text content breaking IE sidebar float */
margin-left:25px;
margin-right:25px;
}

#sidebar-wrapper {
width: 220px;
float: right;
word-wrap: break-word; /* fix for long text breaking sidebar float in IE */
overflow: hidden; /* fix for long non-text content breaking IE sidebar float */
}
```

ഇതിനു താഴെയായി മറ്റൊന്നു കൂടി, #new-sidebar-wrapper എന്ന പേരിൽ ചേർക്കുക.

```
#new-sidebar-wrapper{
width: 220px;
float: left;
word-wrap: break-word; /* fix for long text breaking sidebar float in IE */
overflow: hidden; /* fix for long non-text content breaking IE sidebar float */
}
```

ഇപ്പോൾ #new-sidebar-wrapper എന്ന പേരിൽ പുതിയൊരു കോളം ഡിഫൈൻ ചെയ്തു. അത് ലേ-ഔട്ടിലേക്ക് ചേർക്കുകയാണ് അടുത്ത പടി. വീണ്ടും താഴെക്ക് സ്ക്രോൾ ചെയ്ത് താഴെക്കാണുന്ന ഭാഗം കണ്ടെത്തുക.

```
<div id='main-wrapper'>
<b:section class='main' id='main' showaddelement='no'>
...
```

ഇതിനു തൊട്ടു മുകളിലായി, പുതുതായുണ്ടാക്കിയ #new-sidebar-wrapper ഉപയോഗിക്കുന്ന ഒരു div കൂടി നൽകുക.

```
<div id='new-sidebar-wrapper'>
<b:section class='sidebar' id='newsidebar' preferred='yes'>
<b:widget id='Profile1' locked='false' title='About Me' type='Profile'/>
</b:section>
</div>
```

ശ്രദ്ധിക്കുക: ബ്ലോഗിൽ മുൻപു തന്നെ ഒരു പ്രൊഫൈൽ വിഡ്ജറ്റ് ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇവിടെ പിശക് കാണിക്കും. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ; ആർക്കൈവ്, ലേബലുകൾ എന്നീ വിഡ്ജറ്റുകൾ മാത്രമേ ബ്ലോഗിൽ ചേർത്തിരിക്കുവാൻ പാടുള്ളൂ.




എങ്ങിനെയാണ് ഇവിടെ ഓരോന്നിലേയും width വിലകൾ ലഭ്യമായതെന്ന് നോക്കാം. നമുക്ക് ആകെ ലഭ്യമായ വീതി 900px. (#header-wrapper, #outer-wrapper എന്നിവയിൽ നൽകിയത്.) അതിൽ ബ്ലോഗ് പോസ്റ്റുകൾ കാണിക്കുവാനുള്ള നടുഭാഗത്തിന് (#main-wrapper) 410px വീതി നൽകി. ഇരുവശവുമുള്ള കോളങ്ങൾക്ക് (#sidebar-wrapper, #new-sidebar-wrapper) 220px വീതമാണ് വീതി, ആകെ 440px. മിച്ചമുള്ള 50px നടുഭാഗത്തിന് അപ്പുറവുമിപ്പുറവും 25px വീതം മാർജിനായി ഉപയോഗിച്ചു. ഇതേ രീതിയിൽ മൊത്തം വീതി ഇഷ്ടാനുസരണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തതിനു ശേഷം, മൂന്ന് കോളങ്ങളുടേയും വീതിയും മാർജിനും ക്രമീകരിച്ച് പല രീതിയിൽ ലേഔട്ട് രൂപപ്പെടുത്താവുന്നതാണ്. ഇഷ്ടാനുസരണം float എന്ന വേരിയബിളിന്റെ വില മാറ്റി നൽകിയും ലേഔട്ടിൽ വ്യത്യസ്തത കൊണ്ടുവരാം. ഒരു ഉദാഹരണം; #main-wrapper എന്നതിലെ float വില right എന്നും, #sidebar-wrapper, #new-sidebar-wrapper എന്നിവയുടെ രണ്ടിന്റേയും വില left എന്നും നൽകി നോക്കൂ. PREVIEW എന്ന താഴെക്കാണുന്ന ബട്ടണിൽ അമർത്തിയാൽ ലേഔട്ട് എങ്ങിനെയാവും ഒടുവിൽ ലഭ്യമാവുക എന്നത് ബ്ലോഗിൽ പ്രയോഗിച്ച് താത്കാലികമായി കാണാവുന്നതാണ്. ഫലം തൃപ്തികരമെങ്കിൽ SAVE TEMPLATE എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ടെംപ്ലേറ്റ് സേവ് ചെയ്യുകയും ബ്ലോഗ് ലേഔട്ടായി ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.